**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല – കുറിച്ചി ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3277/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 11.10.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.04.2014-ലെ എസ് സി 18/13/ഇആർകെ)30532/13 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 27.06.2014-ലെ 5781/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 22.09.2014-ലെ 49403/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. എബ്രഹാം സി. മാത്യു ശ്രീമതി. കെ.എ. ബീന, ശ്രീ. കെ.എൻ. മനുകുമാർ, ശ്രീമതി. ജസിയാ ബീവി എം.എ. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 12.06.2015-ലെ ഡി5-37419/14 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1) സേവനാവകാശ നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡ് പഞ്ചായത്തിൽ പ്രദർശിപ്പിച്ചിരുന്നില്ല
2) കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട 4 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
3) ഡി& ഒ ലൈസൻസുമായി ബന്ധപ്പെട്ട 33 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
4) ആശുപത്രി ലൈസൻസുമായി ബന്ധപ്പെട്ട ഒരു അപേക്ഷ തീർപ്പാക്കാനുണ്ടായിരുന്നു
5) MNREG Act പ്രകാരമുള്ള 16 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
6) കെട്ടിട നമ്പർ അനുവദിക്കുന്നതും നികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട 3 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
7) കർഷക പെൻഷനുമായി ബന്ധപ്പെട്ട 16 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
8) തൊഴിലില്ലായ്മ വേതനവുമായി ബന്ധപ്പെട്ട 4 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
9) വിധവാ പെൻഷനുമായി ബന്ധപ്പെട്ട 52 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
10) വികലാംഗ പെൻഷനുമായി ബന്ധപ്പെട്ട 12 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
11) വാർദ്ധക്യകാല പെൻഷനുമായി ബന്ധപ്പെട്ട 48 അപേക്ഷകൾ തീർപ്പാക്കാനുണ്ടായിരുന്നു
12) ഹെഡ് ക്ലാർക്ക് ശ്രീമതി. ജസിയാ ബീവി അനുമതിയില്ലാതെ അവധിയിലായിരുന്നു
13) ഇ-ഗവർണൻസിനായി കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരെ ക്ലറിക്കൽ ജോലിക്ക് ചുമതലപ്പെടുത്തി.

ടി കുറ്റങ്ങൾക്ക് കാരണക്കാരായ കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യു ഹെഡ് ക്ലാർക്ക്ശ്രീമതി. ജസിയാ ബീവി, സീനിയർ ക്ലാർക്കുമാരായ ശ്രീ. കെ.എൻ. മനുകുമാർ, ശ്രീമതി. കെ.എ. ബീന എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ച കുറ്റപത്രത്തിന് ടി ജീവനക്കാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം താഴെ പറയുംവിധം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

**<u>ശ്രീ. എബ്രഹാം സി. മാത്യു, സെക്രട്ടറി</u>**

1. 9/9/13 ലെ വിജിലൻസ് വകുപ്പ് മിന്നൽ പരിശോധനാ വേളയിൽ സേവനാവകാശ നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിരുന്നില്ല എന്ന ആരോപണത്തിന് നോട്ടീസ് ബോർഡും ഫ്രെയിമും ഉറപ്പിക്കാത്ത നിലയിൽ പഞ്ചായത്ത് പരിസരത്ത് ഉണ്ടായിരുന്നതായി സെക്രട്ടറി പറയുന്നുണ്ടെങ്കിലും ഇപ്പോൾ ബോധ്യപ്പെടാൻ കഴിയുന്നില്ല. നിലവിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്,
2. കെട്ടിട നിർമ്മാണ എൻ.ഒ.സി.ക്കു വേണ്ടിയുള്ള 4 അപേക്ഷകൾ പെൻഡിംഗിലായിരുന്നുവെന്ന ആരോപണം സംബന്ധിച്ച് രേഖകളുടെ അഭാവം മൂലമാണ് തീർപ്പാക്കാതിരുന്നതെന്ന് പറയുന്നുണ്ടെങ്കിലും അത് സംബന്ധിച്ച് അപേക്ഷകനുമായി കത്തിടപാടുകൾ നടന്നതായി കാണുന്നില്ല. ഇതിൽ 3 അപേക്ഷകൾ റിപ്പോർട്ട് സമയത്ത് തീർപ്പാക്കിയിരുന്നു
3. 2013-14 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും പെൻഡിംഗിലുണ്ടായിരുന്ന 33 അപേക്ഷകളിൽ 9 എണ്ണം വിജിലൻസ് പരിശോധനാ തീയതിക്ക് ശേഷം തീർപ്പാക്കിയിട്ടുണ്ട്. ബാക്കി അപേക്ഷകളിന്മേലുള്ള പോരായ്മകൾ പരിഹരിക്കാൻ ടെലഫോൺ മുഖാന്തിരം അറിയിപ്പ് നല്കിയതായി പറയുന്നുണ്ടെങ്കിലും രേഖാമൂലം ആവശ്യപ്പെട്ടതായി കാണുന്നില്ല
4. ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി ടൗൺപ്ലാനറുടെ അനുമതി 24/5/13 ൽ പഞ്ചായത്തോഫീസിൽ ലഭിച്ചിരുന്നു. കക്ഷിക്ക അനുമതി ഉത്തരവ് അയച്ചതായി ടൗൺ പ്ലാനറുടെ കത്തിൽ പറയുന്നുണ്ട്. 9/9/2013 ന് മുൻപ് പെർമിറ്റ് ഫീസ് അടക്കുന്നതിന് കക്ഷിക്ക് രേഖാമൂലം കത്ത് നല്കിയതായി കാണുന്നില്ല. ടി വിവരം ഫോൺ മുഖാന്തിരം അറിയിച്ചുള്ളതായി സെക്രട്ടറി പറഞ്ഞിട്ടുണ്ട്. 14/11/14 ൽ പെർമിറ്റ് ഫീസ് അടക്കുവാൻ കത്തയച്ചതായി കാണുന്നുവെങ്കിലും നാളിതുവരെ കക്ഷികൾ ഫീസ് അടച്ചിട്ടില്ല
5. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് പെൻഡിംഗ് ആയിട്ടുള്ള 16 അപേക്ഷകൾ രേഖകളുടെ അഭാവത്തിലാണ് പെൻഡിംഗ് വന്നതെന്ന് പറയുന്നുണ്ടെങ്കിലും 9/9/13 ന് മുൻപ് ടി വിവരം രേഖാമൂലം അപേക്ഷകരെ അറിയിച്ചതായി ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. നിലവിൽ 16 അപേക്ഷകളും തൊഴിൽകാർഡ് നല്കി തീർപ്പാക്കിയിട്ടുണ്ട്.
6. കെട്ടിട നികുതി നിശ്ചയിച്ച് നല്കുന്നതിനുള്ള പെൻഡിംഗിലുള്ള 3 അപേക്ഷകളിൽ 9/9/13 ന് മുൻപ് ന്യൂനതകൾ പരിഹരിക്കാൻ അപേക്ഷകരെ അറിയിച്ചത് ബോധ്യപ്പെടുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ നിലവിൽ 3 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.
7. 9/9/13 ന് പെൻഡിംഗിലായിരുന്ന 16 കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകൾ ന്യൂനതകൾ പരിഹരിക്കാൻ അപേക്ഷകരെ രേഖാമൂലം അറിയിച്ചതായി കാണുന്നില്ലെങ്കിലും നിലവിൽ അവ തീർപ്പാക്കിയിട്ടുണ്ട്.
8. 9/9/13 ന് പെൻഡിംഗിലായിരുന്ന തൊഴിൽരഹിത വേതനത്തിനുള്ള 4 അപേക്ഷകൾ നിലവിൽ തീർപ്പാക്കിയിട്ടുണ്ട്.
9. 2/4/13-26/6/13 കാലയളവിൽ ലഭിച്ച വിധവാ പെൻഷനുള്ള 20 അപേക്ഷകൾ 8/7/13 ന് അന്വേഷണ ഉദ്യോഗസ്ഥന് നല്കുകയും അത് അന്വേഷണം കഴിഞ്ഞ് 13/9/13 ന് തീർപ്പാക്കിയിട്ടുണ്ട്. 11/7/13-3/9/13 വരെയുള്ള കാലയളവിൽ ലഭിച്ച 32 അപേക്ഷകൾ അന്വേഷണം കഴിഞ്ഞ് 8/10/13 ൽ തീർപ്പാക്കിയിട്ടുണ്ട്.
10. 9/9/13 ന് പെൻഡിംഗിലുള്ള 12 വികലാംഗ പെൻഷൻ അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8/10/13 ന് തീർപ്പാക്കി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.
11. വാർധക്യകാല പെൻഷനുള്ള 48 അപേക്ഷകൾ 9/9/13 ന് പെൻഡിംഗിലായിരുന്നു. അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുവാൻ അപേക്ഷകരോട് രേഖാമൂലം ആവശ്യപ്പെട്ടതായി കാണുന്നില്ല. 38

അപേക്ഷകൾ 18/7/13 ൽ വി.ഇ.ഒ. മാർക്ക് കൈമാറിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപെടുത്തി കാണുന്നു. എന്നാൽ ടി അപേക്ഷകൾ വി.ഇ.ഒ. മാർ തീയതിയില്ലാതെ ഒപ്പ്മാത്രം രേഖപ്പെടുത്തി കൈപ്പറ്റിയിട്ടുള്ളതിനാൽ കൈപ്പറ്റിയ തീയതി വ്യക്തമല്ല. അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8/10/13 ൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

12. മേൽ സാഹചര്യത്തിൽ സേവനാവകാശ നിയമം സംബന്ധിച്ച് ചട്ടപ്രകാരമുള്ള നോട്ടീസ് ബോർഡ് ഓഫീസിൽ പ്രദർപ്പിക്കാതിരുന്നതും 2 മുതൽ 11 വരെയുള്ള ആരോപണങ്ങളിന്മേൽ ശരിയായ മേൽനോട്ടമില്ലാതിരുന്നതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു.

**ശ്രീമതി. ജസിയാ ബീവി, ഹെഡ് ക്ലാർക്ക്**

ജസിയാ ബീവി 2/9/13 ന് ഓഫീസിൽ ഹാജരായി ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നു. തുടർന്ന് ഭർത്താവിന് ഭർത്താവിന് സുഖമില്ലാതെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെന്ന് ബന്ധുക്കൾ അറിയിച്ചതിനെത്തുടർന്ന് സെക്രട്ടറിയോട് പറഞ്ഞശേഷം പോവുകയാണുണ്ടായതെന്നും പിന്നീട് ഭർത്താവിന് അടിയന്തിര ശസ്ത്രക്രിയ നടത്തുകയും ചെയ്തതുകൊണ്ടാണ് ഓഫീസിൽ ഹാജരാകാതിരുന്നതെന്നും 2/9/13-12/9/13 കാലയളവിലെ പരിവർത്തിതാവധിക്കുള്ള അപേക്ഷ ടിയാൾ തപാലിൽ അയച്ചുവെന്നും എതിർവാദ പത്രികയിൽ പരാമർശിച്ചിരിക്കുന്നത് രേഖകൾ പരിശോധിച്ചതിൽ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

**കെ.എൻ.മനുകുമാർ, സീനിയർ ക്ലാർക്ക്**

വിജിലൻസ് പരിശോധനാ വേളയിൽ കർഷക തൊഴിലാളി പെൻഷൻ -16 അപേക്ഷ, തൊഴിൽ രഹിത വേതനം-4 അപേക്ഷ, വിധവാ പെൻഷൻ-52 അപേക്ഷ വികലാംഗ പെൻഷൻ -12 അപേക്ഷ, വാർദ്ധക്യ കാല പെൻഷൻ-48 അപേക്ഷ എന്നിവ പെൻഡിംഗിലായിരുന്നു എന്നതായിരുന്നു ടിയാനെതിരെ ആരോപിച്ചിരുന്ന കുറ്റം. അപേക്ഷകൾ പൂർണ്ണമായിരുന്നില്ലെന്നും രേഖകളുടെ അഭാവമുണ്ടായിരുന്നതായും എതിർവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ ന്യൂനതകൾ പരിഹരിക്കുന്നതിന് 09.09.2013-ന് മുൻപ് രേഖാമൂലം അറിയിപ്പ് നല്കിയതായി ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. വിധവാ പെൻഷനുള്ള 52 അപേക്ഷകൾ അന്വേഷണ റിപ്പോർട്ട് തരാൻ കാലതാമസം വരുത്തി എന്ന് എതിർവാദ പത്രികയിൽ പറയുന്നുണ്ടെങ്കിലും ആയത് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

ക്ഷേമ പെൻഷനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് കാലതാമസവും ന്യൂനതയുള്ള അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിലും സെക്ഷൻ ക്ലാർക്ക് വീഴ്ച വരുത്തിയിട്ടുണ്ട്.

**ശ്രീമതി. കെ.എ. ബീന, സീനിയർ ക്ലാർക്ക്**

09.09.2013-ലെ വിജിലൻസ് പരിശോധനാ വേളയിൽ 4 കെട്ടിട നിർമ്മാണ എൻ.ഒ.സി. അപേക്ഷകളും ഒരു ആശുപത്രി കെട്ടിട നിർമ്മാണ അപേക്ഷയും 3 കെട്ടിട നികുതി നിർണ്ണയ അപേക്ഷയും പെൻഡിംഗിലായിരുന്നു എന്നതാണ് ടിയാൾക്കെതിരെയുള്ള ആരോപണം. കെട്ടിട നിർമ്മാന എൻ.ഒ.സി. അപേക്ഷകളിൽ 3 അപേക്ഷ മതിയായ രേഖകൾ ഹാജരാക്കാതിരുന്നതിനാലും ഒരപേക്ഷയിൽ അപേക്ഷകൻ ഹാജരാകാതിരുന്നതിനാലുമാണ് എൻ.ഒ.സി. നല്കാതിരുന്നതെന്നും ടി വിവരം കക്ഷികളെ നേരിട്ട് അറിയിച്ചിരുന്നതായും സെക്ഷൻ ക്ലാർക്ക് എതിർവാദ പത്രികയിൽ പറയുന്നുണ്ടെങ്കിലും രേഖാമൂലം അറിയിപ്പ് നല്കിയതായി കാണാൻ കഴിഞ്ഞിട്ടില്ല. 9/9/13 ന് ശേഷം അപേക്ഷകർ ഹാജരായ 3 അപേക്ഷകൾ തീർപ്പാക്കിയതായി കാണുന്നു.

ആശുപത്രി കെട്ടിട നിർമ്മാണാനുമതി ചീഫ് ടൗൺ പ്ലാനർ ഓഫീസിൽനിന്നും ലഭിച്ച സമയം പഞ്ചായത്തിൽ നിന്നും അപേക്ഷകനെ രേഖാമൂലം അറിയിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ല. ചീഫ് ടൗൺ പ്ലാനർ ഓഫീസിൽനിന്നും അനുമതിയുടെ പകർപ്പ് അപേക്ഷകന് നല്കിയതായി കണ്ടതിനാലാണ് പിന്നീട് അപേക്ഷകനെ വിവരം രേഖാമൂലം അറിയിക്കാഞ്ഞതെന്ന് ടിയാൾ അറിയിച്ചിട്ടുണ്ട്.

പെൻഡിംഗിലുള്ള കെട്ടിട നികുതി നിർണ്ണയ അപേക്ഷകളിൽ ഒരെണ്ണം ഭൂനികുതി അടച്ച രസീത് ഇല്ലാത്തതിനാലാണ് തീർപ്പാക്കാഞ്ഞതെന്ന് പറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച അറിയിപ്പ് അപേക്ഷകന് രേഖാമൂലം വിജിലൻസ് പരിശോധനയ്ക്ക് മുൻപ് നല്കിയതായി കാണാൻ കഴിയുന്നില്ല നിലവിൽ ടി അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ/ നികുതി നിർണ്ണയ അപേക്ഷകൾ യഥാസമയം കൈകാര്യം ചെയ്യുന്നതിൽ കാലതാമസവും ന്യൂനതയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിലും സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്ത് അലംഭാവമുണ്ടായതായി കാണുന്നു

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു സേവനാവകാശ നിയമം സംബന്ധിച്ച് ചട്ടപ്രകാരമുള്ള നോട്ടീസ് ബോർഡ് ഓഫീസിൽ പ്രദർശിപ്പിക്കാതിരുന്നതും ആരോപണങ്ങളിന്മേൽ ശരിയായ മേൽനോട്ടമില്ലാതിരുന്നതും സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യുവിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നതിനാൽ ടിയാന്റെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞും, ഹെഡ് ക്ലാർക്ക് ശ്രീമതി. ജസിയാ ബീവി എം.എ. പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾ രേഖകൾ പരിശോധിച്ചതിൽ നിന്നും അംഗീകാരയോഗ്യമാണെന്ന് കാണുന്നതിനാൽ ടിയാരിയെ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കിയും, ക്ഷേമ പെൻഷനുള്ള അപേക്ഷകൾ യഥാസമയം കൈകാര്യം ചെയ്യുന്നതിന് കാലതാമസവും, ന്യൂനതയുള്ള അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത സീനിയർ ക്ലാർക്കുമാരായ ശ്രീ. കെ.എൻ. മനുകുമാർ, ശ്രീമതി. കെ.എ. ബീന എന്നിവരുടെ 1 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞും ടിയാളുകൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എബ്രഹാം സി. മാത്യു സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. ജെസിയാ ബീവി, ഹെഡ് ക്ലാർക്ക്, കുറിച്ചി ഗ്രാമപഞ്ചായത്ത്
3. ശ്രീ. കെ.എൻ. മനുകുമാർ, സീനിയർ ക്ലാർക്ക്, കുറിച്ചി ഗ്രാമപഞ്ചായത്ത്
4. ശ്രീ. കെ.എ. ബീന, സീനിയർ ക്ലാർക്ക്, കുറിച്ചി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
8. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
9. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
10. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.1350338/ഡി3/2017/വിജി. തീയതി 15.07.2017)
11. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.49403/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ